(സി) പ്രസ്തുത പദ്ധതികൾ വഴി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. യഥാസമയം കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും പ്രതികളെ പിടികൂടുകയും ചെയ്യുന്നതിനാൽ കുറ്റകൃത്യങ്ങൾ കുറഞ്ഞുവരുന്നു.

(ഡി) സംസ്ഥാനത്ത് നടന്ന ചുംബനസമരം നിമിത്തമുണ്ടായ ക്രമസമാധാന പ്രശ്നങ്ങൾ സമയോചിതമായി പരിഹരിക്കാൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത സമരം നടന്ന സമയത്ത് ചുംബനസമരത്തിന് നേതൃത്വം നൽകിയവരിൽ ചിലർ ഓൺലൈൻ പെൺവാണിഭത്തിൽ ഏർപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. കൂടാതെ ചുംബന സമരനേതാക്കളെ പെൺവാണിഭ കേസ്സിൽ അറസ്റ്റ് ചെയ്യുവെങ്കിലും ചുംബന സമരക്കാരെ അറസ്റ്റ് ചെയ്യുവാൻ വേണ്ടിയല്ല ഓപ്പറേൻ ബിഗ് ഡാഡി ആരംഭിച്ചത്.

(ഇ) ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതിനൊപ്പം ഇത്തരം കുറ്റകൃത്യങ്ങൾ നടക്കുന്നുണ്ടോയെന്ന് സൈബർ സെല്ലുകളും സൈബർ പോലീസ് സ്റ്റേഷനും ഹൈടെക് സെല്ലും കർശന നിരീക്ഷണം തടത്തിവരികയും ചെയ്യുന്നു.

ട്രാഫിക് ലംഘനത്തിന്റെ പേരിൽ കെ.എസ്.ആർ.ടി.സി. വാഹനങ്ങളിൽ നിന്ന് ഈടാക്കിയ തുക

207 (3718) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് ലംഘനത്തിന്റെ പേരിൽ കെ.എസ്.ആർ.ടി.സി വാഹനങ്ങളിൽ നിന്ന് എത്ര തുക ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ ഈടാക്കിയിട്ടുണ്ട്;

(ബി) ഇതിൽ മദ്യപിച്ച് വാഹനമോടിച്ച എത്ര കേസ്സുകൾ പിടികൂടി; ഇവരിൽ നിന്ന് മാത്രമായി എത്ര തുക ഈടാക്കി;

(സി) മദ്യപിച്ച് വാഹനമോടിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തി കർശന നടപടിക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) 2,94,150 രൂപ ഈടാക്കിയിട്ടുണ്ട്.

(ബി) മദ്യപിച്ച് വാഹനമോടിച്ച 34 കേസ്സുകൾ പിടികൂടുകയും ഇവരിൽ നിന്ന് മാത്രമായി 11,750 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) മദ്യപിച്ച് വാഹനമോടിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തി അവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ബസ് സ്റ്റാൻഡുകൾ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രീകരിച്ച് ബ്രീത്ത് അനലൈസറുകൾ ഉപയോഗിച്ച് പരിശോധന നടത്തുകയും കുറ്റക്കാരെ കണ്ടെത്തിയാൽ അവരുടെ ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്യുന്നതിനായി മോട്ടോർ വാഹന വകുപ്പിന് ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി ബസ് ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകളും നൽകിവരുന്നുണ്ട്.

പോലീസിൽ ജോലി നൽകാമെന്ന വ്യാജേന കായംകുളത്ത് നടത്തിയ തട്ടിപ്പ്

208 (3719) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് പോലീസിൽ ജോലി വാഗ്ദാനം നൽകിയ തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) ഇതിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പോലീസിൽ ഡ്രൈവർ, വനിതാ പോലീസ്, സിവിൽ പോലീസ് ഓഫീസർ, സബ് ഇൻസ്പെക്ടർ, വനിതാ സബ് ഇൻസ്പെക്ടർ തുടങ്ങിയ വിവിധ തസ്തികകളിൽ ജോലി നൽകാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ചും വ്യാജരേഖകൾ ചമച്ചും നിരവധി ആൾക്കാരിൽ നിന്നും ഒറിജിനൽ അടക്കമുള്ള സർട്ടിഫിക്കറ്റുകളും ഐഡന്റിറ്റി കാർഡുകളും മറ്റും കൈക്കലാക്കി 50,000 രൂപ മുതൽ മൂന്ന് ലക്ഷം രൂപ വരെയുള്ള തുകകൾ വിവിധ ആൾക്കാരിൽ നിന്ന് കൈപ്പറ്റി വിശ്വാസ വഞ്ചന നടത്തിയതിലേയ്ക്ക് ആലപ്പുഴ ജില്ലയിലുള്ള കായംകുളം, കനകക്കുന്ന്, കരീലകുളങ്ങര, ഹരിപ്പാട്, അമ്പലപ്പുഴ, തുക്കുന്നപ്പുഴ എന്നീ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത 32 കേസ്സുകളും ക്രൈം നമ്പർ 144 മുതൽ 175/CR/APC/15 നമ്പരായി റീ രജിസ്റ്റർ ചെയ്ത് പോലീസ് സൂപ്രണ്ട് ആന്റിപൈറസി സെല്ലിന് 19-11-2015-ൽ കൈമാറിയിട്ടുണ്ട്. ക്രൈംബ്രാഞ്ചിന്റെ വിവിധ യൂണിറ്റുകളിൽ നിന്നും 15-ഓളം പോലീസുദ്യോഗസ്ഥരും 2 കമ്പ്യൂട്ടർ വിദഗ്ദ്ധരും ഉൾപ്പെടെ കായംകുളം പോലീസ് സ്റ്റേഷനിലെ ജനമൈത്രി ഹാളിൽ ക്യാമ്പ് ചെയ്ത് ഈ കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. കേസ്സിൽ പ്രതി ചേർക്കപ്പെട്ട ശരണ്യ, ശരണ്യയുടെ പിതാവ് സുരേന്ദ്രൻ, ശരണ്യയുടെ മാതാവ് അജിത, ശരണ്യയുടെ ബന്ധുവായ ശംഭു എന്നിവരെ കായംകുളം പോലീസ് അറസ്റ്റ് ചെയ്ത് റിമാൻഡിൽ കഴിഞ്ഞുവരുന്നു.

20-11-2015 തീയതിയിൽ തിരുവനന്തപുരം ക്രൈംബ്രാഞ്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം (SIT) ടി 32 കേസ്സുകൾ ഏറ്റെടുക്കുകയും തുടരന്വേഷണത്തിൽ

LIBRARY ARCHIVES Kerala Legislative Assembly